പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 569** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകാൻ സാധിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകാൻ സാധിക്കുന്ന 87.50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്ന വർഷം ഉൾപ്പെടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജലവൈദ്യുത പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട് | ഉത്പാദന ശേഷി (മില്യൺ യൂണിറ്റ്) | പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്ന വർഷം |
|---|---|---|---|---|
| 1 | പഴശ്ശിസാഗർ | 7.5 | 25.16 | 2027 |
| 2 | ചിന്നാർ | 24 | 76.45 | 2027 |
| 3 | ഓലിക്കൽ | 5 | 10.26 | 2027 |
| 4 | പൂവാരംതോട് | 3 | 5.88 | 2026 |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 | 2029 |
| 6 | ഭൂതത്താൻ കെട്ട് | 24 | 83.50 | 2029 |
| | **ആകെ** | **87.50** | **254.47** | |

ഇ.എം.സി.യിലെ ചെറുകിട ജലവൈദ്യുത പദ്ധതി പ്രൊമോഷൻ സെൽ മുഖാന്തിരം പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിച്ചുനൽകിയ പാലക്കുഴി (1 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് ട്രയൽ റൺ വിജയകരമായി നടത്തിയിട്ടുണ്ട്. പദ്ധതി ഉടൻ തന്നെ വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതാണ്.

**(ബി)** സ്വകാര്യ സംരംഭകർക്ക് ചെറുകിട വൈദ്യുത മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ ഏതെല്ലാം; വിശദമാക്കുമോ?

**മറുപടി:** സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള ചെറുകിട ജലവൈദ്യുത പദ്ധതി നയം, 2012 നിലവിലുണ്ട്. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനവും നടത്തിപ്പും കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുന്നതിനായി, നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**